# Malayala Manorama

## 29 August 2018

## Alappuzha, After Flood, Schools Reopening, Psychological Activities

# ഇന്നു പുസ്തകം തുറക്കേണ്ട; ആദ്യം ആത്മവിശ്വാസം കൂടട്ടെ

■ സംസ്ഥാനത്തെ സ്കൂളുകളിൽ ഇന്നും നാളെയും പഠനത്തിന് പകരം മാനസികോല്ലാസ പ്രവർത്തനങ്ങൾ

ആലപ്പുഴ ● പ്രളയബാധിത പ്രദേശങ്ങളിലെ സ്കൂളുകളിൽ ഇന്നും നാളെയും പഠനത്തിനു പകരം കുട്ടികളുടെ ആത്മവിശ്വാസം വർധിപ്പിക്കുന്ന മാനസികോല്ലാസ പ്രവർത്തനങ്ങൾ നടപ്പാക്കണമെന്നു പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (ഡിപിഐ) സർക്കുലർ.

ഇന്നു സ്കൂൾ അസംബ്ലിയിൽ വിദ്യാർഥികൾക്ക് ആത്മവിശ്വാസമേകുന്ന സന്ദേശങ്ങൾ നൽകണം. കഴിയുമെങ്കിൽ ഇന്നു തന്നെ പിടിഎ യോഗം ചേർന്നു പരിസര ശുചിത്വവും കുട്ടികളുടെ ആരോഗ്യവും ഉറപ്പാക്കാൻ നടപടിയെടുക്കണം. ശുദ്ധജലം ലഭ്യമാക്കണം. കിണറ്റിൽ ബ്ലീച്ചിങ് പൗഡറിട്ട് അണു വിമുക്തമാക്കണം. ജലസംഭരണി വൃത്തിയാക്കണം. പൈപ്പിൽ മലിനജലം കലരുന്നില്ലെന്ന് ഉറപ്പാക്കണം. തിളപ്പിച്ചാറിയ വെള്ളമേ ഉപയോഗിക്കാവൂ. പാത്രങ്ങൾ തിളച്ച വെള്ളത്തിലിട്ട് അണുവിമുക്തമാക്കണം.

ഓടുമേഞ്ഞ കെട്ടിടങ്ങളിലെ കഴുക്കോൽ, പട്ടിക, ഓട്, തകർന്ന മതിൽ, ക്ലാസിലെ ബെഞ്ചും ഡെസ്കും ഉൾപ്പെടെ പരിശോധിച്ച് ഇഴജന്തുക്കളില്ലെന്ന് ഉറപ്പാക്കണം.

പരിസരത്തെ ചെളി, മാലിന്യങ്ങൾ, മൃഗ അവശിഷ്ടങ്ങൾ തുടങ്ങിയവ സംസ്കരിക്കണം. ശുചിമുറി ശുചിത്വം ഉറപ്പാക്കണം.

വെള്ളംകയറിയ അരിയും പയറും മറ്റും നശിപ്പിക്കണം. പ്രളയബാധിതമായ സ്കൂൾ കെട്ടിടങ്ങൾ തദ്ദേശസ്ഥാപന എൻജിനീയർമാരെക്കൊണ്ടു പരിശോധിപ്പിക്കണം.

നശിച്ച ലൈബ്രറി പുസ്തകങ്ങൾ കുട്ടികൾ തൊടാൻ അനുവദിക്കരുത്. ലാബുകളിലെ രാസവസ്തുക്കളും മറ്റും അപകടകരമായ അവസ്ഥയിലല്ലെന്ന് ഉറപ്പാക്കണം.

### പുസ്തകം, യൂണിഫോം: 31നകം അറിയിക്കണം

പാഠപുസ്തകങ്ങളും യൂണിഫോമും നഷ്ടപ്പെട്ട കുട്ടികൾ 31 നു മുൻപ് സ്കൂളിൽ റിപ്പോർട്ട് ചെയ്യണം. ഇന്നു തുറക്കാൻ കഴിയാത്ത സ്കൂളുകൾ തുറന്ന് മൂന്നു ദിവസത്തിനുള്ളിൽ റിപ്പോർട്ട് ചെയ്താൽ മതിയാകും. സ്കൂൾ ബാഗ്, ഷൂസ് എന്നിവ നഷ്ടപ്പെട്ട കുട്ടികൾക്കു സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കാൻ ശ്രമിക്കണം.